**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 286** **02-03-2023 - ൽ മറുപടിയ്ക്ക്**

**ഹോർട്ടികോർപ്പിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. എം. എം. മണി,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ ഐ ബി സതീഷ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പഴം, പച്ചക്കറി എന്നിവയുടെ ആവശ്യകതയ്ക്ക് അയൽ സംസ്ഥാനങ്ങളുടെ മേലുള്ള ആശ്രിതത്വവും ശീതീകൃത സംഭരണ കേന്ദ്രങ്ങളുടെ അഭാവവും സൃഷ്ടിക്കുന്ന വിലയുടെ അസ്ഥിരതയിൽ നിന്ന് സംസ്ഥാനത്തെ ഉല്പാദകരെയും ഉപഭോക്താക്കളെയും സംരക്ഷിക്കുന്നതിന് ഹോർട്ടികോർപ്പ് മുഖേന നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ; | (എ) | കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ഉത്സവകാലങ്ങളിൽ പൊതുവിപണിയിൽ ലഭിക്കുന്നതിനെക്കാൾ 10% വരെ അധികവില നൽകി സംഭരിക്കുകയും പൊതുവിപണി വിലയെക്കാൾ താഴ്ന്ന വിലയ്ക്ക് ഉപഭോക്താക്കൾക്ക് നൽകുകയും അധികമായി ഉത്പാദിപ്പക്കപ്പെട്ട് വിലയിടിവ് വരുന്ന സാഹചര്യത്തിൽ കർഷകരുടെ ഉൽപ്പന്നങ്ങൾ ന്യായവില നൽകി സംഭരിച്ച് പ്രസ്തുത ഉൽപ്പന്നങ്ങൾക്ക് ദൗർലഭ്യമുള്ള ജില്ലകളിൽ എത്തിച്ച് അതുവഴി കർഷകരുടെയും ഉപഭോക്താക്കളുടെയും താൽപര്യങ്ങൾ ഹോർട്ടികോർപ്പ് സംരക്ഷിക്കുകയും ചെയ്തുവരുന്നു. കർഷകരുടെ കൃഷിയിടം മുതൽ വിപണന കേന്ദ്രം വരെ ശീതീകരിച്ച സംവിധാനത്തിലുള്ള കോൾഡ് ചെയിൻ പദ്ധതിയും തിരുവനന്തപുരം, തൃശ്ശൂർ, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ RIDF, MIDH ഫണ്ടുപയോഗിച്ച് KLDC മുഖേന 4 ഇന്റഗ്രേറ്റഡ് പാക്ക് ഹൗസും നടപ്പിലാക്കുന്നതിനുള്ള നടപടികളും ഹോർട്ടികോർപ്പ് സ്വീകരിച്ചു വരുന്നു. |
| (ബി) | മരച്ചീനി, നേന്ത്രക്കായ, കൈതച്ചക്ക തുടങ്ങിയവയ്ക്ക് അധികോല്പാദനം ഉണ്ടായ ഘട്ടത്തിൽ വിലത്തകർച്ച ഉണ്ടാകാതിരിക്കാൻ ഇടപെടുന്നതിന് ഹോർട്ടികോർപ്പിന് സാധ്യമായിട്ടുണ്ടോ; | (ബി) | ഉണ്ട്. 2021-22 സാമ്പത്തിക വർഷം മരച്ചീനി, വയനാടൻ നേന്ത്രക്കായ, പൈനാപ്പിൾ എന്നിവയുടെ അമിത ഉത്പാദനം ഉണ്ടായപ്പോൾ ഹോർട്ടികോർപ്പ് സമയബന്ധിതമായി ഇടപെട്ട് 493.15 മെട്രിക് ടൺ മരച്ചീനി (38.89 ലക്ഷം രൂപ), 285 മെട്രിക് ടൺ വയനാടൻ നേന്ത്രക്കായ (37.41 ലക്ഷം രൂപ), 23.12 മെട്രിക് ടൺ പൈനാപ്പിൾ (3.47 ലക്ഷം രൂപ) എന്നിവ സംഭരിക്കുകയും വിതരണം ചെയ്യുകയും അതുവഴി കർഷകർക്ക് സുരക്ഷിത വില ഉറപ്പാക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| | | | **അധികമായി സംഭരിച്ച നേന്ത്രക്കായ തിരുവനന്തപുരം ആനയറയിലെ ചിപ്സ് യൂണിറ്റ് വഴി ചിപ്സാക്കിയും അധികമായി സംഭരിച്ച മരച്ചീനി വാട്ട്കപ്പ, ചിപ്സ്, ഉണക്ക കപ്പ എന്നീ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കിയും വിതരണം ചെയ്തിരുന്നു. ക്ഷീര വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മിൽക്ക് സൊസൈറ്റി വഴിയും കന്നുകാലികൾക്ക് തീറ്റയായി മരച്ചീനി സംഭരിച്ച് വിതരണം ചെയ്തു.** |
| (സി) | സംസ്ഥാനത്തെ കർഷകരിൽ നിന്ന് സംഭരിക്കുന്നതിനെക്കാൾ കൂടുതൽ ഉല്പന്നങ്ങൾ ഹോർട്ടികോർപ്പ് ഇതര സംസ്ഥാനങ്ങളിൽ നിന്ന് സംഭരിക്കുന്നത് വില നിയന്ത്രണത്തിന് പ്രയോജനപ്രദമാണെങ്കിലും കർഷകരുടെ താല്പര്യം സംരക്ഷിക്കാൻ സംസ്ഥാനത്തിനകത്ത് നിന്നും കൂടുതൽ സംഭരിക്കുന്നതിന് പ്രാധാന്യം നൽകുമോ; വിശദമാക്കുമോ? | (സി) | **കേരളത്തിൽ ലഭ്യമായ എല്ലാ പച്ചക്കറി ഇനങ്ങളും അതാത് ജില്ലകളിലെ കർഷകരിൽ നിന്നുമാണ് ഹോർട്ടികോർപ്പ് സംഭരിച്ചു വരുന്നത്. ചില സീസണിൽ കേരളത്തിൽ ലഭ്യമല്ലാത്തതും ഉപഭോക്താക്കൾക്ക് അത്യന്താപേക്ഷിതവുമായ പച്ചക്കറികൾ മാത്രമാണ് മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഹോർട്ടികോർപ്പ് സംഭരിക്കുന്നത്. 2021-22 കാലയളവിൽ സംസ്ഥാനത്തിനകത്ത് നിന്നും 14591 മെട്രിക് ടണ്ണും, പുറത്ത് നിന്നും 1262 മെട്രിക് ടണ്ണും, 2022-23 കാലയളവിൽ സംസ്ഥാനത്തിനകത്ത് നിന്നും 8329 മെട്രിക് ടണ്ണും, പുറത്ത് നിന്നും 543 മെട്രിക് ടണ്ണും പച്ചക്കറികൾ സംഭരിച്ചിട്ടുള്ളതുമാണ്.**<br><br>**കേരളത്തിലെ കർഷകരിൽ നിന്നുള്ള സംഭരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ നിയോജകമണ്ഡലത്തിലും ജനപ്രതിനിധികളുടെ സഹകരണത്തോടു കൂടി ഗ്രാമശ്രീ ഹോർട്ടി ബസാറുകളും എല്ലാ പഞ്ചായത്ത് / കോർപ്പറേഷൻ / മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ ഗ്രാമശ്രീ സൂപ്പർസ്റ്റാളുകളും ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടിയും ഹോർട്ടികോർപ്പ് സ്വീകരിച്ചുവരുന്നു.** |

സെക്ഷൻ ഓഫീസർ